6 (172) **സ്വന്തമായി ഭൂമിയും വീടും ഇല്ലാത്തവർക്ക് വേണ്ടി യുള്ള പദ്ധതി**

ശ്രീ. എം. നാരായണൻ (കുഴൽമന്ദം) : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക-പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്താകെ സ്വന്തമായി ഭൂമിയോ കിടപ്പാടമോ ഇല്ലാത്ത ഏകദേശം എത്ര പട്ടികജാതി-പട്ടികവർഗ്ഗ കുടുംബങ്ങളുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച് എന്തെങ്കിലും സർവ്വേയോ, അന്വേഷണമോ ഗവണ്മെന്റ് നടത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ;

(സി) പട്ടികജാതി-പട്ടികവർഗ്ഗത്തിൽപ്പെട്ട സ്വന്തമായി ഭൂമിയില്ലാത്തവർക്ക് ഭൂമി നൽകുവാനും ഭൂമിയുള്ള താഴ്ന്ന വരുമാനക്കാർക്ക് സൗജന്യമായി വീട് വച്ച് നൽകുവാനും എന്തെങ്കിലും പദ്ധതി ഗവണ്മെന്റ് ആവിഷ്ക്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ഒന്നര ലക്ഷം പട്ടികജാതി കുടുംബങ്ങളും 15,000 പട്ടികവർഗ്ഗ കുടുംബങ്ങളും ഈ വിഭാഗത്തിൽപ്പെടുന്നവരായുണ്ടെന്ന് കണക്കാക്കിയിട്ടുണ്ട്.

(ബി) ഇല്ല.

(സി) ഉണ്ട്. വിശദവിവരം താഴെ കൊടുക്കുന്നു.

ഭൂരഹിത, ഭവനരഹിത പുനരധിവാസ പദ്ധതി, (വസ്തുവിന് 15,000 രൂപ വീടിന് 35,000 രൂപ)

(2) ഏറ്റവും പിന്നോക്കാവസ്ഥയിലുള്ള പട്ടികജാതിക്കാരുടെ ഉന്നമനത്തിനായുള്ള പദ്ധതി (വസ്തുവിന് 25,000 രൂപ, വീടിന് 35,000 രൂപ)

(3) പുറമ്പോക്കു നിവാസികളുടെ പുനരധിവാസം(വസ്തുവിന് 15,000/- രൂപ വീടിന് 35,000/-രൂപ.

(4) സംയോജിത ഭവന നിർമ്മാണ പദ്ധതി (സ്വന്തമായി ഭൂമിയുള്ളവർക്ക് വീടിനു 35,000 രൂപ)

(5) ഭവന നിർമ്മാണ ബോർഡിന്റെ സഹകരണത്തോടെ സമ്പൂർണ്ണ പാർപ്പിട പദ്ധതി (വീടിന് 35,000 രൂപ)

പട്ടികവർഗ്ഗക്കാർക്കുവേണ്ടിയുള്ള ഭൂരഹിത ഭവനരഹിത പുനരധിവാസ പദ്ധതി പ്രകാരം 15,000 രൂപയിൽ കവിയാത്ത തുക ചെലവഴിച്ച് 4 സെന്റ് ഭൂമി വാങ്ങി അതിൽ വീട് വയ്ക്കുന്നതിന് സാധാരണ സ്ഥലങ്ങളിൽ 35,000 രൂപയും ദുർഘട പ്രദേശങ്ങളിൽ 20% അധിക നിരക്കും നൽകി വരുന്നു.

7 (173) **നാഷണൽ സർവ്വീസ് വോളന്റിയർ സ്കീം**

ശ്രീ. ജോസ് ബേബി :

LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി ഭാർഗ്ഗവി തങ്കപ്പൻ :

ശ്രീമതി ആർ. ലതാദേവി :

ശ്രീ. എം. നാരാണൻ (ഹോസ്ദുർഗ്ഗ്) :

ശ്രീ. പി.എസ്. സുപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതുതായി സംസ്ഥാനത്ത് നാഷണൽ സർവ്വീസ് വോളന്റിയർ സ്കീം നടപ്പിലാക്കിയിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം ജില്ലകളിൽ ഈ സ്കീം നടപ്പിലാക്കിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഈ സ്കീമിന്റെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ)&(ബി)&(സി) സംസ്ഥാനത്ത് നാഷണൽ വോളന്റിയർ സ്കീം നടപ്പിലാക്കുന്നതിന് വേണ്ടിയുള്ള ഒരു മാർഗ്ഗ നിർദ്ദേശം, കേന്ദ്രത്തിൽ നിന്നും ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശം പരിശോധനയിലാണ്.

8 (174) എസ്.സി.പി. പദ്ധതി പ്രകാരമുള്ള റോഡുപണി

ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടിക സമുദായക്ഷേമ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോന്നി നിയോജകമണ്ഡലത്തിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എസ്.സി.പി. പദ്ധതി പ്രകാരം 1996-97, 1997-98 സാമ്പത്തിക വർഷങ്ങളിൽ എത്ര റോഡുകൾ ഏറ്റെടുത്തു നടത്താൻ അനുമതി നൽകി; അവ ഏതെല്ലാം;

(ബി) ഇതിൻ പ്രകാരം എത്ര പണികൾക്ക് ടെൻഡർ നൽകിയെന്നും ഏതെല്ലാം പണികൾ പൂർത്തിയാക്കി കരാറുകാർക്ക് പണം കൊടുത്തുകഴിഞ്ഞു എന്നും വിശദമാക്കുമോ;

(സി) ഇതുവരെ ടെൻഡർ നൽകി പണി നടത്താൻ അനുമതിയായതും പണി തുടങ്ങാനോ പൂർത്തിയാക്കാനോ കഴിയാത്തതുമായ റോഡുകൾ ഏതെല്ലാം; ഈ പണികൾ തുടങ്ങാതിരിക്കാനും പൂർത്തിയാകാതിരിക്കാനും ഉണ്ടായ കാരണങ്ങൾ എന്തെല്ലാം;

(ഡി) പൂർത്തീകരിക്കാനുള്ള പണികൾ എത്രയും വേഗം പൂർത്തീകരിക്കാനാവശ്യമായ നടപടി കൈക്കൊള്ളാമോ?

ഉത്തരം

(എ) ആറ് റോഡുകൾ ഏറ്റെടുത്തു നടത്താൻ അനുമതി നൽകിയിട്ടുണ്ട്. അവ താഴെ പറയുന്നവയാണ്.

(1) കൂളത്തൂർ പഞ്ചായത്തിലെ തിട്ടി പട്ടികജാതി കോളനിറോഡ് കുടുവേലിൽനിന്ന് തുടങ്ങുന്ന ഒന്നാംഘട്ടം

(2) പ്രമാടം പഞ്ചായത്തിലെ കരിംപനക്കൽപടി-മേലൂട്ട്പടി ഹരിജൻ കോളനിറോഡ്

(3) പ്രമാടം പഞ്ചായത്തിലെ ചമ്പിക്കുന്ന് പട്ടികജാതി കോളനി റോഡിന്റെ ഉപരിതലം പുതുക്കൽ.

LIBRARY ARCHIVES Kerala Legislative Assembly